# പെണ്ണെഴുത്ത്



ബേക്കർ മെമ്മോറിയൽ ഗേൾസ് എച്ച് എസ് എസ്
കോട്ടയം

ലിറ്റിൽ കൈറ്റ്സ്

ഡിജിറ്റൽ മാഗസിൻ 2019-20

# പെണ്ണെഴുത്ത്

## എഡിറ്റോറിയൽ ബോർഡ്


- ശ്രീമതി. ബീന ബേബി, എച്ച് . എം
- ശ്രീമതി. എമി എലിസബത്ത് ജോൺ, കൈറ്റ് മിസ്ട്രസ്
- ശ്രീമതി. രഞ്ജിനി എലിസബത്ത് വറുഗീസ് , കൈറ്റ് മിസ്ട്രസ്
- ജിയ അമ്മു ജോസഫ് , മാഗസിൻ എഡിറ്റർ
- സാനിയ മെറിൻ കുര്യൻ
- ചാന്ദിനി വി. എസ്
- ഐശ്വര്യ സതീശ്
- ഫർസാന എം .എ
- കാതറിൻ സാബു

## പ്രഥമാധ്യാപികയുടെ സന്ദേശം



പ്രിയപ്പെട്ട വിദ്യാർഥികളെ,

പേപ്പറും അച്ചടിയും കടന്ന് കാല-ദൂര അളവ് പരിമിതികൾ മറികടന്ന് ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ആധുനിക ലോകത്തിന്റെ ഉൽപ്പന്നങ്ങളും ഗുണഭോക്താക്കളുമാണ് ആധുനിക തലമുറ. പുസ്തകത്താളുകൾ മറിക്കുന്ന പഴയ തലമുറക്കിന്നു വംശനാശം നേരിട്ടുക്കൊണ്ടിരിക്കുന്നു.തന്റെ കൈയിലെ ചതുരപ്പെട്ടിയിൽ വിരൽത്തുമ്പ് സ്പർശിച്ചാൽ വ്ജ്ഞാനത്തിന്റെ വാതായനങ്ങൾ തുറക്കപ്പെടുന്നു.

ഇവിടെ അധ്യാപനത്തിന്റെയും അധ്യാപകന്റെയും പ്രസക്തി ചിന്തിക്കാതിരിക്കാൻ നിർവാഹമില്ല. സത്യസന്ധവും പാവനവുമായ പുണ്യപ്രവർത്തിയാണ് അധ്യാപനം. അക്രമരാഹിത്യത്തിന്റെയും സമാധാനത്തിന്റെയും വക്താക്കളായി തലമുറ മാറണമെങ്കിൽ ഹൃദയം ഹൃദയത്തോട് സംസാരിക്കുന്ന അധ്യാപനം നടക്കേണം.ഡിജിറ്റൽ ഗുരുവിന്റെ ശിക്ഷണത്തിൽ നിന്ന് കുട്ടിക്ക് കൈമോശം വരുന്നത് എന്താണ്? സ്നേഹം,സഹാനുഭൂ

തി,ക്ഷമ...അങ്ങനെ  നീളുന്നു.ഒരു നിമിഷം ചിന്തിക്കൂ...ഇന്ന് എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്.നല്ല പാഠപുസ്തകമായ അധ്യാപകനെ തിരസ്ക്കരിച്ചുകൊണ്ടുള്ള ശിക്ഷണത്തിന്റെ ശിക്ഷ സമൂഹം ഏറ്റുവാങ്ങുന്നതിൽ അതിശയമില്ല. ജീവിത തുലാസിന്റെ തട്ടിൽ ഗുരുവിന്റെ സ്ഥാനവും കംപ്യൂട്ടറിന്റെ സ്ഥാനവും അളന്നു നോക്കുക...മാനവികതയുടെ പാഠങ്ങൾ മറക്കാതിരിക്കുവാൻ ഗുരുവിന്റെ മുഖത്തേക്ക് നോക്കുക-ശേഷം കംപ്യൂട്ടറിന്റെ മുഖത്തേക്കും....നേർത്ത ചിന്തക്ക് നൽകിയ ഈ കുറിപ്പ് ഏവർക്കും പ്രയോജനപ്പെടട്ടെ. നന്മകൾ നേരുന്നു...ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന മാഗസ്സിന്റെ അണിയറപ്രവർത്തകർക്ക് ഭാവുകങ്ങൾ നേർന്നു കൊണ്ട് നിർത്തട്ടെ......

നിങ്ങളുടെ<br>
ഹെഡ്മിസ്ട്രസ്<br>
ബീന ബേബി

# എഡിറ്റോറിയൽ



ശാസ്ത്ര സാങ്കേതികവിദ്യ ധ്യതഗതിയിൽ വളർന്നു ക്കൊണ്ടിരിക്കുന്ന ആധുനിക കാലത്ത് ജീവിക്കുവാൻ ഭാഗ്യം ലഭിച്ചവരാണ് നാം ഓരോരുത്തരും ഒരു തലമുറയ്ക്ക് മുമ്പ് വരെ അന്യമായിരുന്ന കംപ്യൂട്ടറും ഇന്റനെറ്റു

മൊക്കെ ഇന്ന് ഒഴിച്ചുകൂടാൻ വയ്യാത്ത ഘടകങ്ങളായി

മാറിക്കഴിഞ്ഞിരിക്കുന്നു. വിവരങ്ങളുടെ വിസ്മയലോകം

ഇന്ന് വിരൽത്തുമ്പിൽ ലഭ്യമാണ്. വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിദ്യാഭ്യാസം സാർവത്രികമായിരിക്കുന്ന ഇക്കാലത്ത് നമ്മുടെ സ്കൂളും ഈ മേഖലയിൽ ഒട്ടും പിന്നിലല്ല എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണ്. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഇ-മാഗസിൻ – "പെണ്ണെഴുത്ത് " ന് പ്രചോദനവും സഹായങ്ങളും നൽകിത്തന്ന എല്ലാവർക്കും നന്ദി.

സ്നേഹപൂർവ്വം

ജിയ അമ്മു ജോസഫ്, 9 ബി
മാഗസിൻ എഡിറ്റർ

# കൈററ് മിസ്ട്രസിന്റെ സന്ദേശം



19-ാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ ആരംഭിച്ച ബേക്കർസ്കൂൾ ഇന്നും അറിവിൻെറ പാതയിൽ പ്രകാശം പരത്തുന്നു. കേരളീയ വനിതകളെ വിദ്യനൽകി സ്വതന്ത്രരാക്കിയ ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ. റ്റി കൂട്ടായ്മയുടെ ഇ-മാഗസിൻ പുറത്തിറക്കാൻ സാരഥ്യം വഹിച്ചതിൽ അതിയായ സന്തോഷം ഉണ്ട്. എല്ലാ മംഗളങ്ങളും നേരുന്നു.

എമി എലിസബത്ത് ജോൺ

കൈറ്റ് മിസ്ട്രസ്

## കൈററ് മിസ്ട്രസിന്റെ സന്ദേശം



കേരളത്തിലെ സ്ത്രീകളെ സമൂഹത്തിന്റെ മധ്യധാരയിലെത്തിക്കാൻ ബേക്കർ കുടുംബം കാണിച്ച ധീരതയുടെ പ്രതീകമാണ് ബേക്കർസ്കൂൾ. അന്ന് പകർന്ന അറിവിന്റെ വെളിച്ചം പ്രകാശിച്ച് അക്ഷരനഗരിക്ക് അലങ്കാരമായി ഇന്നും നിലനിൽക്കുന്നു. കുഞ്ഞുങ്ങളുടെ സർഗവാസനകളെ കോർത്തിണക്കിക്കൊണ്ട് തയാറാക്കിയ ഇ-മാഗസിന് നേതൃത്വം നൽകാൻ സാധിച്ചതിൽ അതിയായ സന്തോഷം ഉണ്ട്. എല്ലാ ആശംസകളും നേരുന്നു.

രഞ്ജിനി എലിസബത്ത് വറുഗീസ്
കൈറ്റ് മിസ്ട്രസ്

## താളുകൾ മറിക്കുമ്പോൾ

- ബേക്കർ ലിറ്റിൽ കൈറ്റ്സ്
- പട്ടം പറഞ്ഞ കഥ
- ചെരുപ്പ്
- പൂമ്പാററയും കൂട്ടുകാരും

- ഗാന്ധിയൻ ക്വിസ്
- എന്റെ വിദ്യാലയം
- റെഡ്ക്രോസ്
- മരം
- കടംകഥകൾ
- എന്റെ സ്നേഹ വിദ്യാലയം
- പൊതുവിജ്ഞാനം
- മഴ
- നായയുടെ സ്നേഹം
- കൂട്ട്കെട്ട്
- അമ്മ
- പ്രകൃതിസംരംക്ഷണം
- എന്റെ മധുരമുള്ള അമ്മ
- രണ്ടു കൂട്ടുകാരികളും പ്രേതവും
- ദൈവസ്നേഹം
- അകലാത്ത എന്റെ ഓർമ്മകൾ

## "ബേക്കർ ലിറ്റിൽ കൈറ്റ്സ്"



കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.റ്റി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. സാങ്കേതിക വിദ്യയോടുള്ള കുട്ടികളുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഇത് രൂപപ്പെട്ടു. ലിറ്റിൽ കൈറ്റ്സ് അംഗമായ ഒരു വിദ്യാർഥി വൈവിധ്യമായ പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്നു. ഗ്രാഫിക്സ്, ആനിമേഷൻ,സ്ക്രാച്ച് പ്രോഗ്രാമിംങ്, പൈത്തൺ പ്രോഗ്രാമിംങ്, മൊബൈൽ ആപ്പ് നിർമാണം,

റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ, മലയാളം
കമ്പ്യൂട്ടിങ്, ഇൻറർനെറ്റ്, സൈബർ
സുരക്ഷ, എന്നിങ്ങനെ വിവിധ മേഖലകളിൽ പരിശീലനം
ഉൾക്കൊള്ളിച്ചിരിക്കുന്നു. സാങ്കേതിക വിദ്യയിൽ വൈദഗ്
ധ്യവും അഭിരുചിയുള്ള ഒരു തലമുറയെ രൂപപ്പെടു
ത്തിയെടുക്കാൻ കൈറ്റിൻെറ പദ്ധതി ലക്ഷ്യമിടുന്നു.

ചരിത്രത്തിൻെറ താളുകളിലേക്ക് ഈ
വിദ്യാലയ മുത്തശ്ശി നടന്നു കയറുമ്പോൾ, ഒപ്പം കരം
പിടിച്ച് സ്കൂൾ ഐ.റ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ്
മുന്നോട്ട് കുതിക്കുന്നു.

# പട്ടം പറഞ്ഞ കഥ

കൂട്ടുകാരേ ഞാനൊരു ചെറിയ പട്ടമാണ്.ഞാൻ പാറ
ിനടന്നപ്പോൾ കണ്ട
കാഴച്ചകളാണ് നിങ്ങളോട് പറയാനാഗ്രഹിക്കുന്നത്.
ഞാനൊരു മാന്ത്രിക പട്ടമാ!
എനിക്ക് മാനത്തിന്റെ മന്ത്രികക്കാഴ്ച്ചകൾ കാണാൻ കഴിയ
ും. ഒരു ദിവസം ഞാൻ മാനത്തെ മാന്ത്രിക കാഴ്ച്ചകൾ
കാണാൻ പറന്നു
നടക്കുകയായിരുന്നു.അപ്പോൾ ഒരു കാറ്റ് എന്നെ പതുക്കെ
തഴുകിക്കൊണ്ട് ചോദിച്ചു
നിനക്ക് മാന്ത്രിക കൊട്ടാരം കാണണോ?മാന്ത്രിക
കൊട്ടാരമോ.എവിടെ?
ദാ അവിടെ.
ആ കാറ്റെന്നെ ഒരു കൊട്ടാരത്തിന്റെ പൂന്തോട്ടത്ത്
കൊണ്ടിറക്കി.
വളരെ മനോഹരമായ പൂന്തോട്ടത്തിൽ നിൽക്കുന്ന ഓരോ
പൂവിനെയും
ചൂണ്ടിക്കാട്ടിക്കൊണ്ട് കാറ്റ് പറഞ്ഞു.

ഇത് ഓരോ ജീവിയുടേയും സ്നേഹമാണ്.ഓരോരുത്തരു
ടേയും നല്ല,നല്ല പ്രവർത്തിമൂലം ഈ ഭൂമി വർണാഭമാക്ക
ണം,
അതിന് നിനക്കും ജീവജാലങ്ങളെ ഇതറിയിപ്പിക്കാൻ സാ
ധിക്കും.
ഇത്രേം പറഞ്ഞ് കാറ്റ് എന്നെവിട്ട് പറന്ന് പോയി.
കൂട്ടുകാരേ,നമ്മളെല്ലാം ആ പൂക്കളെപ്പോലെയാകണം,പ്രക
ൃതിയെ
മനോഹരമാക്കണം.
ഇത് കേട്ടതും അപ്പു സ്വപ്നത്തിൽ നിന്നും ഞെട്ടിയുണർന്ന
ു.
അവൻ ജനലിലൂടെ മുകളിലേക്ക് നോക്കി.ഒരു പട്ടം
അവനെ
ചിരിച്ചുകൊണ്ട് നോക്കുന്നത് പോലെ അവന് തോന്നി.

-പാർവ്വതി.പി

# ചെരുപ്പ്

ഞാനൊരു സാധാരണക്കാരിൽ സാധാരണക്കാരനായ ചെരുപ്പാണ്.നിങ്ങൾ നിത്യവും ഉപയോഗിക്കുന്നത് എന്നെയാണ്. എന്നെ നിങ്ങൾ ഒരു ചെറിയ സംഗതിയായി മാത്രം കരുതുന്നു. ഞാനും നിങ്ങളുടെ മാതാപി താക്കളും ഒരുപോലെയാണ്. ഞാൻ നിങ്ങളുടെ കാലിൽ പൊടിയും അഴുക്കും ആകാതെ മുള്ളുകൾ കൊള്ളാതെ സൂ ക്ഷിക്കുന്നു. അതുപോലെ തന്നെ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ എല്ലാത്തിന്റെയും കെണിയിൽ നിന്ന് സംരക്ഷിച്ച് വളർത്തുന്നു.നിങ്ങളെ സംരക്ഷിച്ച് ഞാൻ തേഞ്ഞ് തേഞ്ഞ് ഇല്ലാതാവുന്നു. നിങ്ങളുടെ മാതാപിതാക്കളും നിങ്ങളെ സംരക്ഷിച്ച് അവരുടെ ജീവിതത്തിന്റെ ഒരു നല്ല ഭാഗം കളയുന്ന ു. അവസാനം നിങ്ങൾ ചെരുപ്പ് മാറുമ്പോൾ നിങ്ങൾ എന്നെ സ ൂക്ഷിച്ച് വെറുക്കണമെന്ന് ഞാൻ ധരിച്ചു. എന്നാൽ നിങ്ങളെന്നെ വലിചെറിഞ്ഞുകളഞ്ഞു. നിങ്ങൾക്ക് പുതിയ ജീവിതം ലഭിച്ചപ്പോൾ മാതാപിതാക്കളെ മറന്നു. അവരെ ഉപേക്ഷിച്ചു. ഞങ്ങളെപോലെ ഒരിക്കൽ നീയും ഉപേക്ഷിക്കപ്പെട്ടവനാകും

അന്ന് നീ ഞങ്ങളുടെ വേദന മനസ്സിലാക്കും. എന്ന് നീ ഒരിക്കൽ വലിച്ചെറിഞ്ഞ നിന്റെ സ്വന്തം ചെരുപ്പ്.
"എല്ലാവരുംമനസ്സിലാക്കട്ടെ
മാതാപിതാക്കളുടെ വില"

– ഇർഫാന ഇഖ്ബാൽ

9 C

## പൂമ്പാറ്റയും കൂട്ടുകാരും

പുവിലിരിക്കും പൂമ്പാറ്റ
തെൻ കുടിക്കും പൂമ്പാറ്റ
പുഞ്ചിരിതൂകും പൂമ്പാറ്റ
കുഞ്ഞി കുഞ്ഞി പൂമ്പാറ്റ
ഭംഗിയുള്ള പൂമ്പാറ്റ

അഞ്ജലി അനിൽ
6 ബി

# ഗാന്ധിയൻ ക്വിസ്

1. ഗാന്ധിയുടെ പൂർണ നാമം

   മോഹൻ ദാസ് കരംചന്ദ് ഗാന്ധി

2. ഗാന്ധിജി ജനിച്ച സ്ഥലം

   പോർബന്ധർ

3. ഇന്ത്യയുടെ രാഷ്ട്രപിതാവ്

   മഹാത്മ ഗാന്ധി

4. ഗാന്ധിജിയുടെ അച്ഛന്റെ പേര്

   കരംചന്ദ് ഗാന്ധി

5. ഗാന്ധിജി അവസാനം ഉച്ചരിച്ച വാക്ക്

ഹേ റാം

6. ഗാന്ധിജിയുടെ ആത്മകഥ

എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

അദീന .പി. തോമസ്

6 എ

# എന്റെ വിദ്യാലയം

4-ാംക്ലാസ്സ് പൂർത്തിയാക്കിയതിനു ശേഷം ഞാൻ ബേക്കർ സ്കൂളിലേക്ക് വന്നു. മരങ്ങളും ചെടികളും നിറഞ്ഞ അന്തരീക്ഷം കണ്ടപ്പോൾ എനിക്ക് ഇഷ്ടമായി. അടുത്ത ദിവസം തൊട്ട് ഞാൻ പാഠപുസ്തകവുമായി എന്റെ ക്ലാസ്സിലേക്ക് വന്നു. കൂട്ടുകാരികളുമായി കളിച്ച് രസിച്ച് പഠിച്ച് ആറിലേയ്ക്ക് ഞാൻ ചെന്നു. ആറിലും എനിക്ക്

ഒരുപാട് കൂട്ടുകാരെകിട്ടി. 6-ാം ക്ലാസ്സ് വരെ പഠിച്ചപ്പോൾ എല്ലാ ടീച്ചേഴ്സും എന്നെ പഠിപ്പിച്ചു. 6-ാം ക്ലാസ്സ് പഠിച്ച് ഞാൻ ഏഴിൽ എത്തി. എനിക്ക് മറക്കാനാകാത്ത ചില അനുഭവങ്ങൾ ലഭിച്ചു. എനിക്ക് വളരെ ഇഷടമായി സ്ക്കൂൾ ജീവിതം. എപ്പോഴും എനിക്ക് കുട്ടിക്കാലം
ഓർമവരും.

-

ദേവി ദക്ഷിണ.കെ

8 എ

## റെഡ്ക്രോസ്

സമാധാനത്തിനുള്ള പ്രഥമ നോവൽ
സമ്മാനം നേടിയ
ജീൻഹെൻറിഡുനാൻറ് എന്ന സർവ്വസംഗപരിത്യാഗിയായ മനുഷ്യസ്നേഹിയുടെ അർപ്പണബോധത്തിൻെറയുംസാമ ൂഹികപ്രതിബദ്ധതയുടെയും ത്യാഗോജ്ജ്യാലമായ ജീവിത സപര്യകളുടെയും പ്രതിഫലനമാണ് ഭൂമിയുടെ

ഏതു കോണിലും ഉയർന്നുകാണുന്ന വെള്ള പ്രതലത്തിൽ ചുവന്ന കുരിശുള്ള കൊടിയടയാളം.ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന ഏറ്റവും ബൃഹത്തായ സന്നദ്ധസംഘടനയായറെഡ്ക്രോസ്സിൻെറ ഉദയം മാനവരാശിയുടെ ചരിത്രത്തിലെ നാഴികക്കല്ലാണ്.യുദ്ധങ്ങളും യുദ്ധക്കെടുതികളും വംശിയ കലാപങ്ങളും വർഗ്ഗസമരസംഘടനകളും പ്രകൃതിക്ഷോഭവ ും
വൻസ്പോടനങ്ങളും ദുരുന്തങ്ങളുമെല്ലാം ഒരു ജനതയുടെ സംസ്കാരത്തെയും സാമൂഹികവ്യവസ്ഥകളെയും മാറ്റിമറിക്കപ്പെടുമ്പോൾ സമാധാനത്തിൻെറ സന്ദേശവുമായി, ജീവകാരുണ്യത്തിൻെറ സാന്തനസ് പർശവുമായി അശരണരെയും നിരാലംബരെയും ചേർത്ത ുപിടിച്ച് അതിജിവനത്തിൻെറ കരുത്തുനൽകി സഹനത്തിൻെറ പ്രതീകമായി നിലകൊള്ളുകയാണ് റെഡ്ക്രോസ്.

നിലവിളികളും ആർത്തനാദങ്ങളും നേർത്തഞ്ഞെരു ക്കങ്ങളും ഹൃദയഭേദകങ്ങളായ നേർകാഴ്ചകളും വിജയകാഹളങ്ങളുംകൊണ്ട് സമ്മിശ്രരായ യുദ്ധഭൂമിയിൽ ക്ഷതമേറ്റ് മുറിഞ്ഞ പോരാളികൾക്ക് ശുശ്രൂഷ നൽകിക്കൊണ്ടാണ് റെഡ്ക്രോസ് അതിൻെറ ആദ്യചുവടു

കൾ വച്ചത്. ആയതുകൊണ്ടുതന്നെ യുദ്ധത്തിൽ മുറിവേറ്റ ഭടൻമാരെ ശുശ്രൂഷിക്കാനുള്ള സംഘടനഎന്നായിരുന്നു ആദ്യത്തെ പേര്. വെള്ളപ്രതലത്തിൽ ചുവന്ന കുരിശടയാളം കൊടിയായി സ്വീകരിച്ചതോടെ ഇത് റെഡ് ക്രോസ് എന്ന പേരിൽ അറിയപ്പെടുന്നു.

അനുഷിക .പി

10c

# മരം

മരം ഒരു നല്ല വരമാണ് . മരത്തിൽ
വസിക്കുന്ന  ജീവജാലങ്ങൾ , മരം
ഇല്ലായിരുന്നവെങ്കിൽ കഷ്ടപ്പെട്ടേനേ
" അതിനെ   നശിപ്പിക്കരുത് ."

# കടങ്കഥകൾ

- വള്ളി വള്ളി ആയിരം വള്ളി ആദ്യം കറുത്തിട്ട് പിന്നെ വെളുത്തിട്ട് ?

  ഉ. തലമുടി

- വലിച്ചിടും പുറത്തുകയറും നാക്കിൽ കൊടുക്കും മുക്കണ്ണനെ ?

  ഉ. ചിരവ

- വലിയൊരു വയറുണ്ട് വയറ്റിലൊന്നുമില്ല കുടലെല്ലാം പുറത്ത് ,

  കുടലിൽ കെട്ടി തോളിലേറ്റും?

  ഉ.ചെണ്ട

- വലിയ പറമ്പിൽ ചെറിയ വെള്ളിത്തളിക?

  ഉ.ആകാശത്ത് ചന്ദ്രൻ

- വാക്കൊണ്ട വിതച്ച് ചെവികൊണ്ട് കൊയ്യുക?

  ഉ.പറയലും കേൾക്കലും

- വായ മുടി മുഖത്തച്ചാൽ കേൾക്കാനിമ്പം?

  ഉ.മദ്ദളം

- വായില്ല,നാക്കുണ്ട്,നാക്കിൽപല്ലുണ്ട്?

  ഉ.ചിരവ

- വലിയൊരു മരവും ചെറിയൊരു ഇലയും കൊക്കരയെന്നുള്ളൊരു കായും?

  ഉ.പുളിമരം

- വലിയൊരു വയറും പേറി കാറ്റിൽപറന്നു നടക്കും ഞാൻ?

  ഉ.ബലൂൺ

ഗദ്യ ഗോപു , 5 സി

# എന്റെ സ്നേഹവിദ്യാലയം

എന്റെ ലോകമാം വിദ്യാലയമേ
എന്റെ ലോകമാം വിദ്യലയമേ
എനിക്കറിവുപകർന്നനൽകിയ
എന്റെ പ്രിയ ലോകമേ

എനിക്ക് മധുരമാം നിമിഷങ്ങൾ
ലഭ്യമാക്കിയെന്റെ പ്രിയ ലോകമേ
എന്റെ സ്നേഹദീപ്തിയാം വിദ്യാലയമേ
നീയാണെന്റെ ലോകം നീയാണെന്റെ ലോകം
നീയാണ് നീയാണ് സ്നേഹസ്പന്ദനം
എന്റെ സ്നേഹവിദ്യലയമേ
എന്റെ സ്നേഹദീപ്തിയാം വിദ്യാലയമേ

-സന നിസാം

7. സി

# പൊതുവിജ്ഞാനം

1. മലയാള ഭാഷയുടെ പിതാവ്?

    എഴുത്തച്ഛൻ

2. ലോകത്തിലെ ഏറ്റവും വലിയ ദ്വീപ് ഏത്?

    ഗ്രീൻലാന്റ്

3. കേരളത്തിലെ ഏറ്റവും പഴക്കമുള്ള നാടകരൂപം?

    കൂടിയാട്ടം

4. മാർക്ക് ഏത് രാജ്യത്തിന്റെ നാണയമാണ്?

    ജർമനി

5. രക്തഗ്രൂപ്പ് കണ്ടെത്തിയതാര്?

    കാൾലാൻഡ് സെറ്റയ്നൽ

6. കേരള കലാമണ്ഡലം സ്ഥാപിച്ചതാര്?

    വള്ളത്തോൾ

7. ഏറ്റവും പഴക്കം ചെന്ന ദ്രാവിഡ ഭാഷ?

    തമിഴ്

8. റേഡിയോ കണ്ട്പിടിച്ചത് ആര്?

    മാർക്കോണി

9. ലോക കംപ്യൂട്ടർ സാക്ഷരതാ ദിനം?

    ഡിസംബർ 2

10. ആദ്യത്തെ മലയാള പത്രം?

രാജ്യസമാചാരം

ഹരിപ്രിയ .പി. എച്ച് , 5 സി

# മഴ

ഒരിക്കൽ അമ്മു എന്ന ഒരു കുട്ടി ഉണ്ടായിരുന്നു.അമ്മു രണ്ടാം ക്ലാസ്സിൽ പഠിക്കുന്നു.അമ്മു ഒരു നല്ല കുട്ടിയാണ്.അവളുടെ പെരുമാറ്റം നല്ലതായിരുന്നു.അവളുടെ അച്ഛനും,അമ്മയ്ക്കും അവളെ വളരെ ഇഷ്ടമായിരുന്നു.

ഒരു ദിവസം നല്ല മഴ ആയതിനാൽ,അന്ന് അവധി കിട്ടി.പിന്നെ തുടർച്ചയായി മഴ പെയ്തു.അതു കൊണ്ട് അഞ്ച് ദിവസം അവധി കിട്ടി.അച്ഛൻ വാർത്ത വായിക്കുകയായിരുന്നു; അപ്പോൾ,വയനാട്, ഇടുക്കി പിന്നെ കുറേ സ്ഥലങ്ങളിൽ പ്രളയം വന്നു എന്ന് കേട്ടു.കുറെ ദുരിതാശ്വാസ ക്യാപുകൾ തുറന്നു എന്ന് കേട്ടു.സ്വന്തം വീടുകൾ തകർന്നു പോകുന്നത് എത്രയോ ജനങ്ങൾ കണ്ടു നിൽക്കേണ്ടി വന്നു.അവൾക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല,അവൾ അത് കണ്ട് കരഞ്ഞു. ദുരിതാശ്വാസ ക്യാംപുകളിൽ സാധനങ്ങൾ എത്തുന്നില്ല എന്ന് പറയുന്നത് വാർത്തയിൽ പറയുന്നത് അവൾ കേട്ടു.അത്

കേട്ടപ്പോൾ അവൾ ഓടി ചെന്ന് അവൾ അധികം ഉപയോഗിച്ചിട്ടില്ലാത്ത ഉടുപ്പുകളും മറ്റു വസ്തുക്കളും അടുത്തുള്ള ദുരിതാശ്വാസ ക്യാംപിലേക്ക് എത്തിച്ചു.

അന്നത്തെ വാർത്തയിൽ അമ്മുവിൻെറ ചിത്രം

വന്നു.അവളെ ദുരിതാശ്വാസ ക്യാംപിലെ അംഗങ്ങൾ വിളിച്ചട്ട് പറഞ്ഞു:'അമ്മുകുട്ടി നീ ഉടൻ തന്നെ അടുത്തുള്ള ദു രിതാശ്വാസ ക്യാംപിൽ വരണം'.അവൾ അച്ഛനോടും അമ്മയാടും അനുവാദം ചോദിച്ചു.അവർ സമ്മതിച്ചു.അവളെ സ്റ്റേജിലേയ്ക്ക്വിളിച്ചു.അവൾ സ്റ്റേജിലേയ്ക്ക് കയറി വന്നിട്ട് എല്ലാവരോടുമായി പറഞ്ഞു:'പ്രിയപ്പെട്ട കൂട്ടു കാരെ,മാതാപിതാക്കളെ നിങ്ങളുടെ വിഷമം,സങ്കടം എല്ലാം എനിക്ക് മനസ്സിലാകും.അതുകൊണ്ടാണ് ഞാൻ എന്റെ കയ്യിലു ള്ള ഉടുപ്പുകളും മറ്റു വസ്തുക്കളും തന്നു സഹായിച്ചത്.

പിറ്റേന്ന് സ്കൂൾ തുറന്നു.അപ്പോൾ ടീച്ചർ കുട്ടികളോട് ചോദിച്ചു:'കുട്ടികളെ നിങ്ങൾക്ക് ആരാകണം എന്നാണ് ആഗ്രഹം?'.ഓരോ കുട്ടികളും അവരവരുടെ ആഗ്രഹം പറയുന്നു.ഉടൻ തന്നെ അമ്മുവിന്റെ ഊഴമായി.ടീച്ചർ അവളോട് ചോദിച്ചു:'അമ്മു നിനക്ക് ആരാകണം എന്നാണ് ആഗ്രഹം'. അവൾ പറഞ്ഞു:'ടീച്ചർ എനിക്ക് ഒരു ജില്ലാ കലക്ടർ ആകണം എന്നാണ്''.

കുറെ വർഷങ്ങൾക്ക് ശേഷം അവളുടെ കഠിന പ്രയത്നവും,സത്യസന്ധതയും,സഹായമനസ്കതയും കാരണം അവൾക്ക് ആ സ്ഥാനത്തേക്ക് എത്തിച്ചേരുവാൻ കഴിഞ്ഞു. അവൾ കലക്ടർ ആയി.അവളുടെ ജോലി സത്യസന്ധതയോടും സഹായമനസ്കതയോടും കൂടി അവൾ നിർവഹിച്ചു.

–ഐശ്വര്യ രാജേഷ് 5.C

## നായയുടെ സ്നേഹം

ഒരിടത്ത് ഒരു വയസ്സായ അപ്പൂപ്പൻ ഉണ്ടായിരുന്നു.അയാളുടെ മക്കൾ ഒക്കെ വിദേശത്തായിരുന്നു.അവർ അയച്ചുകൊടുക്കുന്ന കാശു കൊണ്ടാണ് അപ്പൂപ്പൻ ജീവിച്ചിരുന്നത്.ഒരിക്കൽ ആ അപ്പൂപ്പൻ ചന്തയിൽ നിന്നു ഇറച്ചിവാങ്ങിവരുമ്പോൾ വഴിയിൽ ഒരു നായ വിശന്നുവലഞ്ഞിരിക്കുന്നത് കണ്ടു. അയാൾ തന്റെ കയ്യിലുള്ള ഇറച്ചിയിൽ നിന്നു അല്പം ആ നായക്കു നൽകി.

കുറച്ചുദിവസങ്ങൾ കഴിഞ്ഞ് തന്റെ മക്കൾ സാധാരണ അയച്ചുകൊടുക്കുന്നതുപോലെ പണം അയച്ചുകൊടു ത്തില്ല.ആ അപ്പൂപ്പനു അതല്ലാതെ ഒരു ജീവിതമാർഗ്ഗവും ഇല്ലായിരുന്നു. അതുകൊണ്ടു അയാൾ തന്റെ പറമ്പിലുള്ള കപ്പ പറിച്ചു.അയാളുടെ പക്കൽ ആകെ കുറച്ചു കപ്പ മാത്രമേ ഉണ്ടായിരുന്നുള്ളൂ.അത് വിറ്റ് അയാൾ വരുന്ന വഴിക്കഒരു കള്ളൻ ആ പണം തട്ടിയെടുത്തു .അപ്പോൾ ഒരു നായ ആ കള്ളന്റെ പിറകെ ഓടി ആ പണം തിരികെ വാങ്ങി .

പിന്നീടാണ് ആ വൃദ്ധന് മനസ്സിലായത് താൻ അന്ന് സഹായിച്ച നായയാണ് ഇതെന്ന്.

പിന്നീട് ആ അപ്പൂപ്പനും നായയും സന്തോഷത്തോടെ അവരുടെ വീട്ടിലേക്കു നടന്നു.

നഹാ ഫാത്തിമ

9 ബി

# കൂട്ടുകെട്ട്

സമയം സമയം ഒപ്പമിരുന്നു
സ്നേഹം,സങ്കടം,ദേഷ്യം,പാവം എല്ലാം
പങ്കിടുവാൻ ഒരു കൂട്ട്

തഞ്ചം നോക്കി സഹായിച്ചും
ആടിപ്പാടിച്ചാടിക്കളിച്ചും
തമ്മിതമ്മിൽ പിരിഞ്ഞും പോകുന്നു

എന്നാലും ഒരു ചില്ല വെട്ടിയാൽ

ദിനംതോറും കുഞ്ഞുകുഞ്ഞു കിളിർപ്പുണ്ടാകും
എന്നതാണ് കൂട്ടുകെട്ട്

അപരിചിത പരിചിതരാകുമ്പോൾ
അവരുടെ മനസ്സറിയണം നമ്മൾ
അതാണ് കൂട്ടുകെട്ട്.

ഈവ മരിയ അനിൽ
ക്ലാസ്സ്:7 ബി

# അമ്മ

എൻ മനമെന്ന പുഷ്പവാടിയിലെ
ഒരു പനിനീർ പുവാണന്റയമ്മ
ഒരു ദിനം പോലും നിൻ  ദർശനം
കൂടാതെ ഒരു കർമ്മവും ചെയ്യാൻ എനിക്കു കഴിയില്ല...
നിൻ ജനിപുടത്തിൽ ജനമെടുത്തൊരു
ചെറുപൂമൊട്ടാണ് ഞാൻ

നിൻ മാറിടത്തിൽ തലചയ്ച്ചുറങ്ങുവാൻ
എനുള്ളം തുടിക്കുന്നു ജനനീ
നിഹാര രാത്രിയിൽ നിദ്രയിൽ മുഴുകുമ്പോൾ
കനവായി നീ എന്റെ മുന്നിലെത്തും
എന്നെന്നുംമെന്നുള്ളിൽ സ്മരിക്കുന്നു തായെ
നീ ഇല്ലെങ്കിൽ ഞാൻ ഒന്നുംമല്ല.
എൻ  അഴൽ തീർത്തു നീ
ഹർഷം തരും എത്ര ജന്മത്തെ പുണ്യമായ്
നീയെന്ന നാകത്തെ എനിക്കും ലഭിച്ചു
ഒരു നിഴലായ് നീ എന്റ കൂടെ വേണം
തെല്ലിനി വാകുകൾ ഇല്ലെനിക്ക്
എന്റമ്മയെ പാടി പുകഴ്ത്തുവാനായ്  (2)

ആൻറോസ് സെബാസ്റ്റൻ
XD

# പ്രകൃതി സംരക്ഷണം

പ്രകൃതി  വളരെ  മനോഹരമാണ്
അതിൽ  അരുവികളാലും
അത്  മനോഹരമായിതീർന്നിരിക്കുന്നു .
അത്  നമ്മൾ  സംരക്ഷിക്കണം .

Sneha Jayakumar
5.c

# എന്റെ മധുരമുള്ള അമ്മ

എന്റെ അമ്മ , മധുരമുള്ള അമ്മ

എന്റെ മധുരമുള്ള അമ്മ

അമ്മ എന്നെ സ്നേഹക്കുന്നു

അമ്മ എന്നെ സംരക്ഷിക്കുന്നു

എന്റെ അമ്മ എന്റെ സ്വന്തം അമ്മ.....

-മുബീന ഹബീബ്
9 ബി

# രണ്ടു കൂട്ടുകാരികളും പ്രേതവും

ഒരു ദിവസം മീരാ,പ്രീതി എന്ന രണ്ടു കൂട്ടുകാരികൾ ഉണ്ടായിരുന്നു.മീരാ അവളുടെ കസിൻ അനിയത്തി ഈരയുടെ കല്യണത്തിന് പോകാൻ വേണ്ടി പ്രീതിയോട് കുറച്ചു സ്വർണം തരാൻ ആവശ്യപെട്ടു. ആ കാര്യം  കറുത്തനിറമുള്ള ഒരു പ്രേതം അതു കേട്ടു. പിറ്റേ ദിവസം മീര വരുന്നതിനു മുമ്പ് തന്നെ ആ പ്രേതം മീരയു

ടെ വേഷത്തിൽ സ്വർണം  വാങ്ങിക്കാൻ  വന്നു. പ്രീതിയുടെ കൈയിൻ നിന്നും സ്വർണം വാങ്ങിച്ചുകൊണ്ടു

പോയി. കുറച്ചു സമയം കഴിഞ്ഞ് മീര വന്നു പ്രീതിയോടു ചോദിച്ചു. പ്രീതി നീ എനിക്ക് ഇന്നലെ തരാം എന്നുപറഞ്ഞ സ്വർണം തരാമോ, എന്ന് മീര ചോദിച്ചു. ഞാൻ നിന്റെ കൈയിൽ

ഇപ്പോൾ  തന്നുവിട്ടായിരുന്നല്ലോ പ്രീതിപറഞ്ഞു.  മീരയ്ക്ക് വിഷമായി. അതുകൊണ്ട് മീര ഒന്നും മിണ്ടാതെ പോയി. മീര പോകുന്ന വഴിയിൽ ആ പ്രേതം പാടിക്കൊണ്ട്  പോവുന്നുണ്ടായിരുന്നു.

"ഏലേലോ അയ്ലസ സ്വർണം കിട്ടി അയ്ലസ"

എന്ന് പാടിക്കൊണ്ടുപോയി. മീര വീട്ടിൽ ചെന്ന് ഭയങ്കരമായി കരയുന്നത് പ്രീതിയുടെ ഭർത്താവ് ആ വഴിയിൽ പോയികൊണ്ടിരിക്കുമ്പോൾ കണ്ടു. മീര കരയുന്നത് കണ്ട് ആ പ്രേതം സങ്കടപെട്ടു. പ്രീതിയുടെ ഭർത്താവിന്റെ കൈയിൽ കൊടു ഒറ്റ ഓട്ടം ഓടി.

-ഉമ്മു മുഷ്റിഫാ

5.ബി

## _ ***ദൈവസ്നേഹം***

***ആപത്തുവേളകളിൽ നമ്മേ സഹായിക്കും ദൈവം***

***എല്ലാക്കാലത്തും ദൈവത്തിന്റേ സ്നേഹം എപ്പോഴും നമ്മോടുകൂടെ***

***കഷ്ടതയിൽ നമ്മേ സഹായിക്കുന്ന ദൈവം***

***ആരെല്ലാം പോയാലും അമ്മ മറന്നാലും നീ എന്നെ പിരിയുകയില്ല.***

***യേശുവേ രക്ഷകനേ.......***

***ദൈവസ്നേഹത്താൽ മാഴ്ക്കപ്പെടുന്ന***

***യേശു സ്നേ്ഹത്തിന്റെ ഇടയൻ***

***അഞ്ജലി അനിൽ***

***6C***

# അകലാത്ത എൻ ഓർമ്മകൾ

ഇന്നലകളിൽ നിഴലായി

തണലുകളാം എൻ ചാരെ
പടർന്നു പന്തലിച്ച എൻ
സൗഹൃദ നാളുകൾ.

ഓർക്കവെ എൻ നൊമ്പര-
നോവിൽ മേൽ ചാരവെ
ഓരോ ഓരോ ഓർമ്മകളിൽ
ഒരു തീരം താണ്ടും നൊമ്പരമായി

നിറങ്ങളാൽ അലങ്കരിച്ച്
നെഞ്ചോട് ചേർത്തിരിക്കവെ
ഗാനവിലോലമായി
പുഞ്ചിരി അകന്നിടുമെൻ
അകലാത്ത എൻ ഓർമ്മകൾ.....

-നിജ ബിജു

*9 ഡി*

# കൃതജ്ഞത

ചില ഓർമ്മപ്പെടുത്തലുകൾ കാലം നമുക്കായി കരുതിവച്ചിട്ടുണ്ടാകും. നടന്നു കയറിയ ജീവിത പടവുകൾ നമ്മെകരുത്തരാകാൻ സഹായിച്ചിട്ടുണ്ട് . സന്തോഷകരമായ ഒരു പിടി ഓർമകൾനൽകാൻ ഈ ദീപനാളത്തിന് സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകർ, കൂട്ടുകാർ എല്ലാവർക്കും നന്ദി...നന്ദി...നന്ദി...

മാഗസിൻ കമ്മറ്റി